**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5037 **24.07.2015** ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പല സ്വയംപര്യാപ്ത ഗ്രാമങ്ങളുടെയും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ നെല്ലിക്കുന്ന് കോളനിയിലെ വികസന പ്രവർത്തനങ്ങൾ കോളനി നിവാസികളുടെ പരാതിയെത്തുടർന്ന് മോണിറ്ററിംഗ് കമ്മറ്റി കൂടി താല്ക്കാലികമായി നിർത്തി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട വാർത്തയാണ് മാധ്യമങ്ങളിൽ വന്നിട്ടുള്ളത്. മറ്റ് കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ ഉപേക്ഷിച്ചതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആയത് വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) | ഉണ്ട്. പ്രസ്തുത കോളനിയുടെ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഓഫ് ട്രാവൻകൂർ (FIT) -ന്റെ പ്രവർത്തനങ്ങളിൽ കോളനി നിവാസികൾ അതൃപ്തി രേഖപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മറ്റി കൂടി ഇതു വരെ നടന്ന പ്രവൃത്തികൾ വിലയിരുത്തിയതിനു ശേഷം മാത്രം പണികൾ തുടർന്ന് നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിലെ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ഇതു വരെ നടന്ന പ്രവൃത്തികൾ വിലയിരുത്തുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ഈ രണ്ടു ഓഫീസുകളിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ അനുബന്ധ രേഖകളായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, മെഷർമെന്റ് ബുക്ക് എന്നിവ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ